പതിനാലാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 3493

19.10.2016 ന് മറുപടിയ്ക്ക്.

## കൊടുവള്ളി ഗവൺമെന്റ് ഐ.ടി.ഐ

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ.കാരാട്ട് റസാഖ് : | ശ്രീ. ടി.പി. രാമകൃഷ്ണൻ.<br>(തൊഴിലും എക്സൈസും വകുപ്പ് മന്ത്രി) |
| (എ) കൊടുവള്ളി ഗവൺമെന്റ് ഐ.ടി.ഐ അനുവദിച്ചതിന്റെ സർക്കാർ ഉത്തരവ് ലഭ്യമാക്കാമോ; | (എ) കൊടുവള്ളി ഗവ. ഐ.ടി.ഐ. അനുവദിച്ച സർക്കാർ ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി ചേർത്തിരിക്കുന്നു. |
| (ബി) ഐ.ടി.ഐ പ്രവർത്തിക്കാനാവശ്യമായ തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ ആയതിന് എന്ത് നടപടികളാണ് സ്വീകരിച്ചിട്ടുള്ള തെന്ന് വിശദമാക്കാമോ; | (ബി) ഐ.ടി.ഐ. പ്രവർത്തിക്കാനാവശ്യമായ തസ്തികകൾ അനുവദിക്കുന്ന കാര്യം സർക്കാർ സജീവമായി പരിശോധിച്ചുവരുന്നു. |
| (സി) നിലവിൽ ഐ.ടി.ഐ വാടക ക്കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നതെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (സി) ഉണ്ട്. |
| (ഡി) ഐ.ടി.ഐ നിർമ്മിക്കാൻ അനുയോജ്യമായ ഭൂമി കണ്ടെത്തി യിട്ടുണ്ടോ; കെട്ടിടം നിർമ്മിക്കാൻ ഭൂമി അനുയോജ്യമാണോയെന്ന് പരിശോധി ച്ചിട്ടുണ്ടോ; കെട്ടിടം നിർമ്മിക്കുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; ആയത് വിശദമാക്കാമോ? | (ഡി) കൊടുവള്ളി ഐ.ടി.ഐ. സ്ഥാപിക്കുന്നതിനായി കൊടുവള്ളി ഗ്രാമപഞ്ചായത്തിൽ സർവ്വെ നമ്പർ 67-ൽ പെട്ട 2 ഏക്കറോളം സ്ഥലം ലഭ്യമാക്കാമെന്ന് പഞ്ചായത്ത് അറിയിച്ചിട്ടുണ്ട്. എന്നാൽ സ്ഥലം വകുപ്പിന് ഇതുവരെയും പഞ്ചായത്ത് ലഭ്യമാക്കിയിട്ടില്ല. ടി സ്ഥലം ഐ.ടി.ഐ. സ്ഥാപിക്കുന്നതിന് അനുയോജ്യമാണെന്ന് പി.ഡബ്ല്യു.ഡി.-യും അറിയിച്ചിട്ടുണ്ട്. സ്ഥലം വകുപ്പിന് കൈമാറി ലഭ്യമാകാത്തതിനാൽ കെട്ടിടം നിർമ്മിക്കുന്നതിന് നടപടി സ്വീകരിക്കാൻ സാധിച്ചിട്ടില്ല |

സെക്ഷൻ ഓഫീസർ

12 AUG 2015

25764

കേരള സർക്കാർ

സംഗ്രഹം

വ്യാവസായിക പരിശീലന വകുപ്പ് - കോഴിക്കോട് ജില്ലയിലെ കൊടുവള്ളി ഗ്രാമപഞ്ചായത്തിൽ റസിഡെൻഷ്യൽ ഐ.ടി.ഐ. ആരംഭിക്കുന്നതിന് - ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തൊഴിലും നൈപുണ്യവും (സി) വകുപ്പ്

സ.ഉ. (കയ്യെഴുത്ത്) നം. 106/2015/തൊഴിൽ തിരുവനന്തപുരം, തീയതി 6.8.2015

---

പരാമർശം - ട്രെയിനിംഗ് ഡയറക്ടറുടെ 22.7.2015 ലെ ഐ 4/21172/15 നമ്പർ കത്ത്.

## ഉത്തരവ്

കോഴിക്കോട് ജില്ലയിലെ കൊടുവള്ളി ഗ്രാമപഞ്ചായത്തിൽ ഒരു റസിഡെൻഷ്യൽ ഐ.ടി.ഐ. ആരംഭിക്കണമെന്ന ആവശ്യം സംബന്ധിച്ച് പരാമർശ പ്രകാരം ട്രെയിനിംഗ് ഡയറക്ടർ സമർപ്പിച്ച ശിപാർശ സർക്കാർ വിശദമായി പരിശോധിച്ചു.

കോഴിക്കോട് ജില്ലയിലെ കൊടുവള്ളി ഗ്രാമപഞ്ചായത്തിൽ ചുവടെ ചേർക്കുന്ന നിബന്ധനകൾക്ക് വിധേയമായി ഒരു റസിഡെൻഷ്യൽ ഐ.ടി.ഐ. ആരംഭിക്കുന്നതിന് ഭരണാനുമതി നൽകി ഉത്തരവാകുന്നു.

1. ടി ഐ.ടി.ഐ. യ്ക്ക് ആവശ്യമായ സ്ഥലം ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനം സൗജന്യമായി ലഭ്യമാക്കുക.

2. ആവശ്യമായ Budget Allocation/തസ്തിക സൃഷ്ടിക്കൽ എന്നിവയ്ക്കായി ട്രെയിനിംഗ് ഡയറക്ടർ പ്രൊപ്പോസൽ സമർപ്പിക്കുക.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
സി.എം. അജയ മോഹൻ,
അണ്ടർ സെക്രട്ടറി.

ട്രെയിനിംഗ് ഡയറക്ടർ, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്) കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എ ആന്റ് ഇ/ഡി.ബി. സെൽ) കേരള, തിരുവനന്തപുരം.
വിവര പൊതുജന സമ്പർക്ക വകുപ്പ്. (ഗവ. വെബ്സൈറ്റിൽ നൽകുന്നതിനായി)
കരുതൽ ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ

12/8/15